സാമൂഹ്യ ജലസേചനപദ്ധതി യൂണിറ്റിന് അനുവദിക്കാവുന്ന പരമാവധി തുക

500 [681] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യ ജലസേചനപദ്ധതി അനുസരിച്ചു ഒരു ജലസേചന യൂണിറ്റിനു അനുവദിക്കാവുന്ന പരമാവധി തുക എത്രയെന്നും, ജലസേചനം ചെയ്യപ്പെടേണ്ട പരമാവധി സ്ഥലം എത്രയെന്നും വെളിപ്പെടുത്താമോ?

ഉത്തരം

കുറഞ്ഞത് 5 ഹെക്ടർ ഭൂമിയ്ക്കെങ്കിലും വെള്ളം കൊടുക്കുവാൻ കഴിയുന്ന യൂണിറ്റുകളാണ് തെരഞ്ഞെടുക്കുന്നത്. വിവിധ തരത്തിലുള്ള പദ്ധതികൾക്കു വേണ്ടിവരുന്ന തുകയും അതുമൂലം ജലസേചനം നടത്താവുന്ന വിസ്തൃതിയും താഴെ ചേർക്കുന്നു.

യൂണിറ്റ്	പരമാവധി തുക (രൂപ)	പരമാവധി സ്ഥലം
ഫിൽറ്റർ പോയിന്റ് കിണർ	20,000	5 ഹെക്ടർ
ബോർവെൽ	75,000	5 ഹെക്ടർ
കുഴൽ കിണർ	4,00,000	50 ഹെക്ടർ
ഉപരിതലം	1,00,000	10 ഹെക്ടർ

സാമൂഹ്യ ജലസേചന പദ്ധതിയുടെ ഫലമായി ജലസേചനം നടത്താൻ കഴിഞ്ഞിട്ടുള്ള ഭൂമി

501 [682] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹ്യ ജലസേചനപദ്ധതിയുടെ ഫലമായി 1985-86, 1986-87 എന്നീ വർഷങ്ങളിൽ എത്ര ഏക്കർ ഭൂമിയിൽ ജലസേചനം നടത്താൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി മൊത്തം ചെലവാക്കിയ തുക എത്ര ;

(സി) ഇതിന് ലോകബാങ്കിന്റെ സഹായം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര?

ഉത്തരം

(എ) 1985-86 ൽ പദ്ധതി തുടങ്ങിയിട്ടില്ല. 1986-87 നവംബർ മാസത്തിൽ ഈ പദ്ധതി തുടങ്ങുകയേ ഉള്ളൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly